SE(2)20168/18

കാർഷിക വികസന കാർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി:13/03/2019

## സർക്കുലർ

വിഷയം :- കാർഷിക വികസന കാർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - പി.എസ്.സിയുടെ അർഹതാനിർണ്ണയ പരീക്ഷ പാസായി 13% ക്വാട്ടയിൽ കൃഷി ആഫീസർമാരായി ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിയ്ക്കുന്നതിനു യോഗ്യരായ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെയും കാർഷിക ബിരുദം നേടി മൂന്ന് വർഷത്തെ സേവനപരിചയം ഉൾപ്പെടെ പത്ത് വർഷം സേവനം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ സംയുക്ത കരട് സീനിയോരിറ്റിപ്പട്ടിക പ്രസിദ്ധീകരിയ്ക്കുന്നതു - സംബന്ധിച്ച്.

സൂചന :
1. ഈ കാര്യാലയത്തിലെ 23/4/2014,26/9/14 തീയതികളിലെ ഇ(2)14588/14 നമ്പർ ഉത്തരവുകൾ.
2. കേരള പി.എസ്.സിയുടെ 25/4/2018,26/6/2018, 31/8/18 തീയതികളിലെDEIII (2)/547/15/EW.പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ.
3. സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 97/2018/കൃഷി തീയതി.21/7/18
4. ബഹു: ട്രൈബ്യൂണലിന്റെ 27/06/2014 തീയതിയിലെ ഒ.എ.868/13, ഒ.എ 592/14 കേസുകളിന്മേലുള്ള സംയുക്ത ഉത്തരവ്.
5. ബഹു: ട്രൈബ്യൂണലിന്റെ 07/01/2016 തീയതിയിലെ ഒ.എ.1523/14,1790/14, 1946/14, 2011/14, 2110/14 കേസുകളിന്മേലുള്ള സംയുക്ത ഉത്തരവ്.
6. ബഹു: ഹൈകോടതിയുടെ 18/2/2019 തീയതിയിലെ OP(KAT) Nos.274 of 2014, 329 of 2014, 263 of 2017, 265 of 2017, 266 of 2017, 269 of 2017,270 of 2017, 362 of 2018 and 363 of 2018 പ്രകാരമുള്ള ബഹു: ട്രൈബ്യൂണലിന്റെ വിധികളെ അസാധുവാക്കിക്കൊണ്ടുള്ള അന്തിമ ഉത്തരവ്

കാർഷിക വികസന കാർഷക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റമാർക്കു കൃഷി ആഫീസർമാരായി സ്ഥാനക്കയറ്റം ലഭിയ്ക്കുന്നതിനു പി.എസ്.സി. നടത്തിയ യോഗ്യതാപരീക്ഷയുടെ വിജയിച്ചവരുടെ പട്ടിക സൂചന(2) പ്രകാരം ലഭ്യമാക്കിയിരിയ്ക്കുന്നു. പ്രസ്തുത പട്ടികയിൽ ഒ.എ.863/13,592/14,1523/14,1796/14,1949/14,2011/14&2110/14 കേസുകളിലെ ബഹു:ട്രൈബ്യൂണലിന്റെ ഉത്തരവുകളുടെയടിസ്ഥാനത്തിൽ

പി.എസ്.സിയുടെ 279/11 വിജ്ഞാപന പ്രകാരമുള്ള അർഹതാനിർണ്ണയ പരീക്ഷയിൽ പരാജയപ്പെട്ടവർ അടുത്ത യോഗ്യതാപരീക്ഷയിൽ വിജയിയ്ക്കുകയാണെങ്കിൽ ആയവർക്കു മുൻകാല സീനിയോരിറ്റി പുന:സ്ഥാപിച്ച നൽകേണ്ടതാണെന്ന, വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം യോഗ്യതനേടിയ 39(9+29+1) കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ പട്ടിക പി.എസ്.സി. പ്രത്യേകമായി ലഭ്യമാക്കിയിട്ടുണ്ട്.

പി.എസ്.സിയുടെ ടി നടപടിയ്ക്ക് എതിരെ നിലവിലെ യോഗ്യത പട്ടികയിൽ ഉൾപ്പെട്ട വിവിധ ജീവനക്കാർ ബഹു: ഹൈകോടതി മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിഗണിച്ചു കൊണ്ട് ബഹു: ഹൈകോടതി സൂചന (6) പ്രകാരം ബഹു: ട്രൈബ്യൂണലിന്റെ വിവിധ തീയതികളിലെ സൂചന 4,5 പ്രകാരമുള്ള വിധികളെ അസാധുവാക്കിക്കൊണ്ട് വകുപ്പ് തല സീനിയോരിറ്റി കണക്കാക്കിക്കൊണ്ട് 29.05.2017 ലെ യോഗ്യത പരീക്ഷ പാസ്സായ ജീവനക്കാരുടെ മുൻഗണന പട്ടിക തയ്യാറാക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.

പരാമർശം (3) പ്രകാരം കാർഷിക ബിരുദം നേടിയതിന് ശേഷം മൂന്ന് വർഷത്തെ സേവന പരിചയം ഉൾപ്പെടെ കൃഷി അസിസ്റ്റന്റ് തസ്തികയിൽ പത്ത് വർഷത്തെ സേവനം പൂർത്തിയാക്കിയവർക്കും 13 % ക്വാട്ടയിൽ ബൈട്രാൻസ്ഫർ പ്രൊമോഷന് അർഹത നിശ്ചയിച്ചിട്ടുള്ളതാകുന്നു.

അപ്രകാരം പി.എസ്.സി യുടെ യോഗ്യത പരിക്ഷ വിജയിച്ചവരെയും കാർഷിക ബിരുദം നേടി 10 വർഷം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ കരട് സീനിയോരിറ്റി പട്ടിക വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നു. ടി പട്ടികയിൽ ഉൾപ്പെട്ടവർ. ടി പട്ടിക വകുപ്പിന്റെ Kerala Agriculture Gov.in എന്നവെബ്സൈറ്റിൽ പരിശോധിക്കേണ്ടതും ആക്ഷേപങ്ങളോ പരാതിയോമുള്ള പക്ഷം സർക്കുലർ തീയതി മുതൽ 7 ദിവസത്തിനകം മേലധികാരികൾ മുഖേന ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കേണ്ടതുമാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ലഭിയ്ക്കുന്ന പരാതികൾ പരിശോധിയ്ക്കുന്നതും അന്തിമ പട്ടിക പ്രസിദ്ധീകരിയ്ക്കുന്നതുമാണ്. അന്തിമപട്ടിക പ്രസിദ്ധീകരിച്ച ശേഷം ലഭിയ്ക്കുന്ന പരാതികൾ യാതൊരുകാരണവശാലും പരിഗണിയ്ക്കുന്നതല്ല.

— ഒപ്പ് —

കൃഷി ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖാന്തിരം)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.

ഐ.റ്റി. സെൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്.
കരുതൽ / അധികം

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

la.23.5.18